بســــــــــــم الله الرّحمن الرّحيم

# ശഅ്ബാൻ മാസത്തിലെ ഒരു സന്തോഷം / ഒരു പ്രധാന്യത

**ശഅ്ബാൻ മാസത്തിൽ മുഹമ്മദ് നബി(സ)യുടെ ഉമ്മത്തായ നാം വളരെ അധികം സന്തോഷിക്കേണ്ടതുണ്ട്. വേറൊരു നബിയുടെ സമൂഹത്തിനും ലഭിക്കാത്ത വേറൊരർത്ഥത്തിൽ പറഞ്ഞാൽ: വേറൊരു നബിക്കും ആ സമൂഹത്തിന് സമ്മാനിക്കാൻ പറ്റാത്ത വലിയ ഒരു സമ്മാനമാണ് നമ്മുടെ മുത്ത് നബി(സ) നമുക്ക് അല്ലാഹുവിൽ നിന്ന് വാങ്ങിതന്നത്.... ഈ റസൂൽ കാരണത്താൽ അല്ലാഹു നമുക്ക് സമ്മാനമായിത്തന്നത്....**

**ഖുർആൻ ആയത്തും അർത്ഥവും.**

إِنَّ ٱللَّهَ وَمَلَآئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِىِّ يَٰٓأَيُّهَا ٱلَّذِينَ آمَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيماً

**“നിശ്ചയമായും ആല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ സ്വലാത്ത് നിർവ്വഹിക്കുന്നുണ്ട്. സത്യ വിശ്വാസികളേ, നബിയുടെമേൽ നിങ്ങളും സ്വലാത്തും സലാമും ചൊല്ലുക” (അൽ അഹ്സാബ് 56)**

**ഈ ആയത്ത് ഇറങ്ങിയത് ഈ മാസത്തിലാണ്. ആ ഖുർആൻ ആയത്തിന്റെ അർത്ഥം ആഴത്തിൽ മനസ്സില്ലാക്കിയ മഹാന്മാർ നമുക്ക് വിവരിച്ച് തന്നിട്ടുണ്ട് അതിന്റെ പ്രത്യേകതയും ഗൗരവവും.**

**അല്ലാഹുവിന് ആദ്യമില്ല അറ്റമില്ല. അല്ലാഹുവിന്റെ കലാമിനും ആദ്യവും അറ്റവുമില്ല. അല്ലാഹുവിന്റെ കലാമിന്റെ വ്യാപ്തി എത്ര വലുതാണെന്ന് അല്ലാഹു അഅ്ലം. ആദ്യവും അറ്റവുമില്ലാത്ത അല്ലാഹു റസൂലുല്ലാഹി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലിക്കൊണ്ടേയിരിക്കുന്നു. അല്ലാഹു സ്വലാത്ത് ചൊല്ലുന്നു എന്ന് പറയുമ്പോൾ അനുഗ്രഹം വർഷിക്കുന്നു, മലാഇക്കത്തിന്റെ സ്വലാത്ത് ദുആ ചെയ്യുന്നു എന്നും. അല്ലാഹുവിന്റെ മലാഇക്കത്തിന്റെ എണ്ണം അല്ലാഹു അഅ്ലം. നമുക്കറിയാവു മലക്കിന്റെ എണ്ണം തന്നെ നമ്മെ അത്ഭുതപ്പെടുത്തുന്നു. മുഖർറബായ ജിബ്രീൽ(അ) മുതൽ തുടങ്ങി പത്ത് മലക്കുകൾ, ആദം നബി മുതൽ ഖിയാമത്ത് നാൾ വരെയുള്ള ഓരോ മനുഷ്യനും ഹാഫിളായി പത്ത് മലക്ക് വീതം, ഏഴാംഘാഷങ്ങളിലായി നിയമിക്കപ്പെട്ട കോടിക്കണക്കായ മലക്കുകൾ, ഏഴാനാംഘാഷത്ത് ബൈത്തുൽ മഅ്മൂറിനെ ഒരു പ്രാവശ്യം 70,000 മലക്കുകൾ ത്വവാഫ് ചെയ്യാനെത്തുന്നു ആ മലക്കുകൾ ത്വവാഫ് കഴിഞ്ഞാൽ പിന്നീട് ഖിയാമത്ത് നാൾ വരെ അവർ തിരിച്ച് വരുന്നില്ല.**

ശേഷം വേറെ 70,000 മലക്കുകൾ വരും ഇങ്ങനെ ഖിയാമത്ത് നാൾ വരെ തുടരും. അല്ലാഹുവിന്റെ പ്രത്യേക ഇബാദത്തിലായി കോടാനകോടി വേറെയും മലക്കുകൾ, റുകൂഇൽ തന്നെയായി കോടാനകോടി മലക്കുകൾ, ഇഅ്തിദാലിലും സുജൂദിലുമായി എന്ന് വേണ്ട കോടിക്കണക്കിന് മലക്കുകൾ, ഇതിന് പുറമെ മഴയുമായി ബന്ധപ്പെട്ട മലക്കുകളുടെ എണ്ണം വേറെയും: ഓരോ മഴത്തുള്ളിയും ഓരോ മലക്കിനെ ഏൽപ്പിച്ചിരിക്കുകയാണ്. എവിടെ നിന്ന് ആ മഴത്തുള്ളി എടുക്കണം എവിടെ കൊണ്ടെത്തിക്കണം എന്നതാണ് ആ മലക്കകളുടെ ജോലി. ലോകത്തിന്റെ പല ഭാഗങ്ങളിലായി എത്രയെത്ര മഴത്തുള്ളികൾ പെയ്തിറങ്ങുന്നു. ചില രാജ്യങ്ങളിൽ ചില രാജ്യങ്ങളിൽ മഴക്ക് ശമനമേയില്ല. "സുബ്ഹാനല്ലാഹ്" അല്ലാഹുവിനെക്കുറിച്ചും അവന്റെ സേനയെന്ന് വിശേഷിപ്പിച്ച മലക്കുകളെക്കുറിച്ചും നമ്മൾ ചിന്തിച്ചിട്ടുണ്ടോ? തിരക്ക് പിടിച്ച ജീവിതത്തിന്റെ നെട്ടോട്ടത്തിൽ എവിടെയാണ് സമയം!? ആ അല്ലാഹുവും അവന്റെ മലക്കുകളും (എല്ലാ മലാഇക്കത്തും ഉൾപ്പെട്ടു) ചെയ്ത് കൊണ്ടിരിക്കുന്ന ഒരു കാര്യവും ഓ മുഅ്മിനീങ്ങളേ! നിങ്ങളും ചെയ്യൂ എന്ന് അല്ലാഹുവിന്റെ കൽപനയും കൂടിയാണ്. അങ്ങനെയാവുമ്പോൾ നമ്മൾ അല്ലാഹുവിന്റെ കൽപന അനുസരിക്കലും കൂടിയായി. അല്ലാഹു വേറൊരു കാര്യവും ഞാനും മലക്കുകളും ചെയ്ത് കൊണ്ടിരിക്കുന്നു, നിങ്ങളും ചെയ്യൂ എന്ന് പറഞ്ഞിട്ടില്ല. അത് കൊണ്ട് തന്നെ നമ്മൾ സ്വലാത്ത് ചൊല്ലുമ്പോൾ അല്ലാഹുവിനോടും മലാഇക്കത്തോടും ഒരു ഇബാദത്തിൽ ഒത്ത് ചേരുന്നു. കൂടാതെ ഈ സ്വലാത്ത് സ്വീകരിക്കാൻ ഒരു ഉപാതിയുമില്ല. മറ്റു ഇബാദത്ത് സ്വീകരിക്കാൻ ഉപാദികളുണ്ട്. സ്വലാത്ത് എങ്ങനെ ചൊല്ലിയാലും സ്വീകരിക്കും. ബാത്ത് റൂമിൽ വെച്ചും സംയോഗ സമയത്തും സ്വലാത്ത് ചൊല്ലരുത്.

ചൊല്ലിയ സ്വലാത്ത് പിന്നെ നഷ്ടപ്പെട്ട് പൊവുകയുമില്ല. ആ ഇബാദത്ത് ആഖിറത്തിൽ പോലും വേറാർക്കും വീതിച്ച് കൊടുക്കില്ല. ഈ സ്വലാത്ത് ചൊല്ലുന്നത് കൊണ്ടുള്ള നേട്ടം നമുക്ക് തന്നെ. നമ്മൾ ആരെങ്കിലുമായി ദുനിയാവിൽ വല്ല ഹഖ് (നമീമത്തോ ഈബത്തോ വല്ല ഹഖുമുണ്ടെങ്കിൽ) നീതിന്യായ കോടതിയായ ആഖിറത്തിൽ ആ അവകാശം പറയപ്പെട്ട വ്യക്തിക്ക് അല്ലാഹു വാങ്ങിച്ച് കൊടുക്കും. അതായത് ഉദാഹരണത്തിന് ഈബത്ത് പറഞ്ഞ വ്യക്തിയുടെ സൽകർമ്മങ്ങൾ അവകാശിക്ക് കൊടുക്കും. സൽകർമ്മങ്ങളില്ലെങ്കിൽ അവകാശിയുടെ തിന്മ എടുത്ത് പറഞ്ഞവന് കൊടുക്കും. അവിടെയും സ്വലാത്ത് ചൊല്ലിയവനാണ് കുറ്റവാളിയെങ്കിൽ പോലും ആ സ്വലാത്ത് മറ്റാർക്കം വീതിച്ച് കൊടുക്കില്ല. ഒരു പ്രാവിശ്യം റസൂൽ(സ) ദീർഘമായ സുജൂദ് ചെയ്തു. ഇത് കണ്ട് സ്വഹാബിയായ ഖബ്ബാബ്(റ) റസൂലിനോട് പറഞ്ഞു: ഒരു മുസീബത്ത് നീങ്ങിയതായിട്ടോ ഒരു നിഅ്മത്ത് വന്നതായിട്ടോ കാണുന്നില്ല. പിന്നെന്തിനാണ് റസൂലേ അങ്ങ് ശുക്റിന്റെ സുജൂദ് ചെയ്തത്. അപ്പോൾ റസൂലുല്ലാഹി(സ)പറഞ്ഞു. എന്റെടുത്ത് ജിബ്‌രീൽ(അ) വന്ന് പറ

ഞ്ഞു. അല്ലാഹു പറഞ്ഞതായിട്ട് “വല്ലവനും അങ്ങയുടെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ പേരിൽ പത്ത് സ്വലാത്ത് ചൊല്ലും. പത്ത് ചൊല്ലിയാൽ നൂറ് എന്നിങ്ങനെ..” വേറൊരു നബിക്കും ആ നബി കാരണത്താൽ അവരുടെ സമൂഹത്തിന് കൊടുക്കാത്ത ഒരു നേട്ടം എന്റെ കാരണത്താൽ എന്റെ സമൂഹത്തിന് അല്ലാഹു കൊടുത്തല്ലോ! എന്ന കാരണത്താലാണ് ഞാൻ ശുക്റിന്റെ സുജൂദ് ചെയ്തത്. (അതായത്: ഒരു സ്വലാത്ത് ചൊല്ലിയാൽ അവന്റെ പത്ത് ദോശം പൊറുത്ത് കൊടുക്കം, ദോശമില്ലാത്തവനാണെങ്കിൽ അവന്റെ ആഖിറത്തിൽ പത്ത് ദറജ ഉയർത്തിക്കൊടുക്കും) ഇനിയും ഒരു പാട് പറയാനുണ്ട് സ്വലാത്തിന്റെ മഹത്വം.

എല്ലാ സൽകർമ്മങ്ങളും നമ്മുടെ വലത് ചുമലിൽ രേഖപ്പെടുത്തി വെക്കുന്നു. എന്നാൽ സ്വലാത്ത് റസൂലുല്ലാഹി(സ)യുടെ പരിശുദ്ധമായ റൗളാ ഷരീഫിൽ രേഖപ്പെടുത്തപ്പെടുന്നു. ആഖിറത്തിൽ ഒരു വ്യക്തിയെ കൊണ്ട് വരപ്പെടുകയും അയാളുടെ നന്മ തിന്മ തൂക്കി, തിന്മ വർദ്ധിച്ച കാരണത്താൽ സ്വാഭാവികമായും നരകാവശിയായി ചെങ്ങലയിലിട്ട് മലക്കുകൾ നരകത്തിലേക്ക് കൊണ്ട് പോവുമ്പോൾ നല്ല ഒരു മനുഷ്യൻ വരുകയും ഒന്ന് കൂടി വിചാരണക്ക് എടുക്കാൻ പറയുമ്പോൾ ആ നല്ല മനുഷ്യനോട് മലക്കുകൾ പറയും ഞങ്ങൾ അല്ലാഹുവിന്റെ കൽപന അനുസ്സരിക്കുകയല്ലെ ചെയ്തത്. അപ്പോൾ അല്ലാഹു മലക്കുകളോട് പറയും നിങ്ങൾ ആരോടാണ് സംസാരിക്കുകയാണെന്നറിയുമോ? എന്റെ ഹബീബിനോടാണ്. അത് കൊണ്ട് വീണ്ടും വിചാരണക്കെടുക്ക്. നന്മ തിന്മ തൂക്കി നോക്കിയപ്പോൾ ശരി തന്നെ തിന്മ തന്നെയാണ് തുലാസിൽ തൂങ്ങിക്കിടക്കുന്നത്. അപ്പോൾ ഈനല്ല മനുഷ്യൻ സ്വന്തം കൈതണ്ടയിൽ നിന്ന് ഒരുചെറിയ കാർഡ് രൂപത്തിലുള്ള വസ്തുവെടുത്ത് നന്മയുടെ തുലാസിലിടുകയും അവന്റെ നന്മയുടെ തുലാസ് തിന്മയെക്കാൾ എത്രയോ ഭാരം കൂടി. അക്കാരണത്താൽ ആ പ്രതീക്ഷ നഷ്ടപ്പെട്ട വ്യക്തി ചങ്ങലയിൽ നിന്ന് മോചിപ്പിക്കപ്പെട്ട് സ്വർഗ്ഗാവകാശിയാവുകയും ചെയ്യും. അപ്പോൾ സന്തോഷം കൊണ്ട് ആ വ്യക്തി ചോതിക്കും ഇത്രയും വലിയ ആപത്തിൽ നിന്നും എന്നെ രക്ഷപ്പെടുത്തിയ നിങ്ങളാരാണ്? അപ്പോൾ ആ നല്ല മനുഷ്യൻ പറയും. ഞാനാണ് റഹ്മത്തു ലിൽ ആലമീനായ ലോകങ്ങൾക്കെല്ലാം കാരുണ്യമായി അയക്കപ്പെട്ട മുഹമ്മദ് റസൂലുല്ലാഹ്. (സ). ഇന്നിട്ട് റസൂലുല്ലാഹി ഈ മനുഷ്യനോട് പറയും നീ ദുനിയാവിൽ ജീവിച്ചിരുന്ന സമയത്ത് നീ പോലും കാര്യമാക്കാതെ ഏതൊക്കെ സമയത്ത് ചൊല്ലിയിരുന്ന സ്വലാത്തുകളെല്ലാം ഞാൻ നിനക്ക് വേണ്ടി സൂക്ഷിച്ച് വെച്ചിരിന്നു. അതാണ് ഞാൻ നിന്റെ തുലാസിലിട്ടത്.

അത് കൊണ്ട് ഈ മാസം നമുക്ക് ചൊല്ലിത്തീർക്കാൻ പറ്റുന്നത്ര സ്വലാത്ത് ചൊല്ലി വാർഷികം ആഘോഷിക്കുകയല്ലേ വേണ്ടത്? ഈ വായിക്കന്ന അതിക പേരും

സ്ഥിരമായി സ്വലാത്ത് ചൊല്ലുന്നവരാണ്. അത് ചൊല്ലാനുള്ള തൗഫീഖ് വലിയ നിഅ്മത്താണ്. അത് കൊണ്ട് തന്നെ ദിവസവും 100 ചൊല്ലുന്നവർ 200, 500-ൽ നിന്ന് 1000വും 1000-ൽ നിന്ന് 10,000വും 10,000 ചൊല്ലുന്നവർ 20,000വുമായി വർദ്ധിപ്പിക്കേണ്ടതല്ലേ? നിങ്ങൾ തന്നെ തീരമാനിക്കൂ. 10,000 സ്വലാത്ത് ചൊല്ലുന്നവരൊക്കെ ഈ കാലത്തും ഉണ്ടോയെന്ന് സംശയിക്കേണ്ട ആവശ്യമില്ല. കാരണം, ഇസ്‌ലാം കേരളയുമായി ബന്ധത്തിലും സുഹൃത്ത് ബന്ധത്തിലും അങ്ങനെയുള്ള ഭാഗ്യവാന്മാരെയും കണ്ടെത്താൻ പറ്റി. അത് പോലൊരു ഭാഗ്യവാന്മാരാവാൻ നിങ്ങൾക്കും പറ്റും. മുമ്പുള്ളവർ ദിവസവും 50,000 സ്വലാത്ത് ചൊല്ലിയവരും കഴിഞ്ഞ് പോയിട്ടുണ്ട്. ഇത് സമയത്തിലധിഷ്ടിതമല്ല. സമയം സൃഷ്ടിച്ച അല്ലാഹു സമയത്തിൽ ബർക്കത്ത് ചെയ്യുന്നതാണ്.

പിന്നെ ഈ മാസമാണല്ലോ ബറാഅത്ത് രാവും. ആ രാവും ഉപയോഗപ്പെടുത്തണം. ഉപാതിയില്ലാതെ കാര്യങ്ങൾ സ്വീകരിക്കുന്ന നല്ല സമയമല്ലെ! ശരിക്കും പ്രയോചനപ്പെടുത്തി ദീർഘായുസ്സിനും, ഭക്ഷണ വിശാലതക്കും, മറ്റു തലങ്ങളിലെ ബർക്കത്തിനും മരിച്ചവർക്കും പ്രത്യേകം യാസീൻ ഓതി ദുആ ചെയ്യുക. ദുഖാൻ സൂറത്ത് ഓതിയും സന്തോഷത്താൽ പകലിൽ നോമ്പ് നോക്കിയും ഈ സമയങ്ങൾ ധന്യമാക്കുക.

സർവ്വ നന്മക്കും റഹ്മാനായ റബ്ബ് തൗഫീഖ് ചെയ്യട്ടെ. ആമീൻ

തയ്യാറാക്കിയത് : മുഹമ്മദ് കുഞ്ഞി കൊളവയൽ


ഇസ്‌ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത്
സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്

www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861